## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അനുസരണമില്ലാത്ത ആട് കുഴിയിൽ വീണ് മുറിവേററു കഴിഞ്ഞപ്പോഴാണ്, അനുസരണകേടിന്റെ ഫലം അറിയുന്നത്. പക്ഷേ കര കയറുവാൻ നിവൃത്തിയില്ല, കിടന്നു നിലവിളിക്കാൻ മാത്രമേ കഴിയൂ. ദൈവം നമുക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. നാം തന്നെ സ്വയം വരുത്തിയ വ്യഥയാണ് ഇന്ന് നാം അനുഭവിക്കുന്നത്. ഈ വിധം നിരാശയുടെയും നെടുവീർപ്പിന്റെയും ആയിരിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, യേശു പറഞ്ഞ ആ ഉപമ അവിടെ അവസാനിക്കുന്നില്ല, ഇനിയും പ്രത്യാശയ്ക്കു വകയുണ്ട്. തന്റെ ഒരു ആട് കാണാതായിരിക്കുന്നു എന്നു മനസ്സിലാക്കിയ ഇടയൻ, മററു ആടുകളെ ആലയിൽ വിട്ടിട്ട് കാണാതെ പോയതിന് അന്വേഷിച്ചിറങ്ങി. അവൻ അതിനെ, അതു വീണു കിടക്കുന്ന കുഴിയിൽ കണ്ടെത്തി.

കർത്താവ് അതിന് എടുത്ത് തന്റെ തോളിന്മേൽ കിടത്തി ആലയിലേക്ക് കൊണ്ടുവന്ന് മുറിവുകളെ കെട്ടി മററാടുകളോടൊപ്പമാക്കി. സ്നേഹിത, നാം നെടുവീർപ്പിട്ടു കഴിയുകയാണല്ലോ. അനുസരണക്കേടാണ് അതിന്റെ കാരണമെങ്കിലും നമ്മെ ഇപ്പോഴും സ്നേഹിക്കുന്ന ആ നല്ല ഇടയനായ യേശു, നമ്മെ അന്വേഷിച്ച്, നിരാശയുടെയും നെടുവീർപ്പിന്റെയും സ്ഥാനത്തേക്ക് ഇറങ്ങി വരും. ആ ഇടയൻ നമ്മളെ പേരു ചൊല്ലി വിളിക്കുന്നത് നമുക്ക് കേൾക്കാം. അതെ, അവൻ ഇപ്പോൾ, നാം ആയിരിക്കുന്ന സ്ഥലത്ത് നമ്മളെ അന്വേഷിച്ചു വരികയാണ്. അവൻ നമ്മുടെ പേരു ചൊല്ലി നമ്മെ വിളിക്കുന്നു.

കർത്താവേ! ഞാൻ എന്റെ സ്വന്തം ഹിതപ്രകാരം നിന്റെ വഴി വിട്ട് ഓടി, ഒടുവിൽ ഇവിടെ നിരാശ സ്ഥാനത്ത് ഞാൻ ആയിരിക്കുന്നു. നല്ല ഇടയനായ യേശു, നമ്മുടെ എളിയ പ്രാർത്ഥനകൾ കേൾക്കും. ആ നിമിഷത്തിൽ തന്നെ അവൻ തന്റെ കൈകൾ നമ്മുടെ നേരേ നീട്ടും. അവൻ നമ്മെ കോരിയെടുത്ത് അവന്റെ തോളിൽ കിടത്തും. ആലയിലേക്ക് നമ്മളെ കൊണ്ടുപോകും. നമ്മളെ ശകാരിക്കുവാനും ശിക്ഷിക്കുവാനും മാത്രമല്ല, നമ്മുടെ മുറിവുകൾ വച്ചുകെട്ടി നമ്മെ സംരക്ഷിക്കുവാൻ, യേശു നമ്മെ അന്വേഷിച്ച് നമ്മുടെ അടുക്കലേക്കു വരുന്നു. ഇപ്പോൾ തന്നെ പ്രാർത്ഥിക്കുക. മനം തിരിഞ്ഞ് ശുദ്ധീകരണം പ്രാപിച്ച് ദൈവീകതേജസ്സിൽ നന്മകൾ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

തുടരും....